II ഇ.ബി. XIII-കേരള നിയമസഭ/XII-12

# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

## 2014 ഡിസംബർ 17, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

28 (*361) സ്വകാര്യ ലാബുകളിലെ ഫീസ് ഏകീകരിക്കാൻ നടപടി

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ സ്വകാര്യ സ്കാനിംഗ് സെന്ററുകൾ ഒരേതരം സ്കാനിംഗിന് വ്യത്യസ്ത നിരക്കിലുള്ള ഫീസ് ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഇക്കണോമിക് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിന്റെ കണക്കുപ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 4168 ലാബുകളിൽ 500 എണ്ണത്തോളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസില്ലാതെ അനധികൃതമായി പ്രവർത്തിച്ചുവരുന്നതായും പല ലാബുകളിലും

യോഗ്യതയില്ലാത്ത ലാബ് ടെക്നീഷ്യന്മാർ സേവനം അനുഷ്ഠിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വകാര്യ ആശുപത്രികൾ, മറ്റ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്, നഴ്സിംഗ് ഹോമുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയ്ക്കുവേണ്ടി പ്രസിദ്ധീകരിച്ചിട്ടുള്ള 'ദി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ' നിയമമാകുന്നതോടുകൂടി ഇത്തരം പ്രശ്നങ്ങൾക്ക് ഒരുപരിധിവരെ പരിഹാരം കാണാൻ സാധിക്കുന്നതാണ്. കൂടാതെ സ്വകാര്യ ലാബുകളിൽ അംഗീകൃത സർട്ടിഫിക്കറ്റുകൾ പ്രദർശിപ്പിക്കണമെന്ന് നിഷ്കർഷിക്കുന്നതാണ്. ലാബ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 250 പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലാബുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുന്നതും എല്ലാ പ്രൈമറി ഹെൽത്ത് സെന്ററുകളിലേയ്ക്കും ഈ സൗകര്യം വ്യാപിപ്പിക്കുന്നതുമാണ്. കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളിലും സി.ടി. സ്കാൻ, എം.ആർ.ഐ. സ്കാൻ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. സി.ടി. സ്കാൻ ഇല്ലാത്ത കോട്ടയം, ഇടുക്കി ജനറൽ ആശുപത്രികളിൽ ഉടൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്; ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് എല്ലാ ജില്ലാ-ജനറൽ ആശുപത്രികളിലും എം.ആർ.ഐ. സ്കാൻ സ്ഥാപിക്കുന്നതിന് മുന്തിയ പരിഗണന നൽകുന്നതാണ്. തിരുവനന്തപുരത്ത് നിലവിലുള്ളതിനുപുറമേ

ഒരു എം.ആർ.ഐ. സ്കാൻ കൂടി സ്ഥാപിക്കുന്നതിനും ആവശ്യത്തിന് സ്റ്റാഫും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തി മലപ്പുറത്തും പത്തനംതിട്ടയിലും പബ്ലിക് ഹെൽത്ത് ലാബുകളുടെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. സേഫ് കേരള പ്രോഗ്രാമുമായി ബന്ധപ്പെട്ട് ആശുപത്രികൾ, ക്ലിനിക്കുകൾ, ഡെന്റൽ ക്ലിനിക്കുകൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ, സ്കൂളുകൾ, ഹോട്ടലുകൾ, ഈററീസ്, അന്യസംസ്ഥാന തൊഴിലാളികളുടെ താമസസ്ഥലം, തൊഴിൽ സ്ഥലം എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തി അപാകതകൾ കണ്ടെത്തിയവയുടെ പേരിൽ പബ്ലിക് ഹെൽത്ത് ആക്ട് അനുസരിച്ച് കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രികൾ, ജില്ലാ-ജനറൽ ആശുപത്രികൾ, സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ്, റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകൾ എന്നിവ ഉൾപ്പെടെയുള്ള സർക്കാർ ലാബുകളിൽ ബി.പി.എൽ. വിഭാഗത്തിന് സൗജന്യ നിരക്കിലും എ.പി.എൽ. വിഭാഗത്തിന് തുച്ഛമായ നിരക്കിലുമാണ് ടെസ്റ്റുകൾ നടത്തിവരുന്നതെന്നും സർക്കാർ നിരക്കിലുള്ള ഫീസ് ഈടാക്കുന്നതിന് സന്നദ്ധമാണെങ്കിൽ ഈ മേഖലയിൽ ഹിന്ദുസ്ഥാൻ ലാറ്റക്സ് പോലുള്ള സ്ഥാപനങ്ങളെ സഹകരിപ്പിക്കാവുന്നതാണെന്നും ഒരുപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

29 (*362) <u>ആശുപത്രി മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ</u>

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സർക്കാർ മെഡിക്കൽ കോളേജുകളിൽനിന്നും മറ്റ് ആശുപത്രികളിൽനിന്നും പ്രതിദിനം പുറന്തള്ളുന്ന ബയോമെഡിക്കൽ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നത് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും സർക്കാരിന്റെയും അംഗീകാരത്തോടെ ഐ.എം.എ.-യുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഇമേജ് എന്ന സ്ഥാപനവുമായി ഒപ്പിട്ട കരാറിന്റെ അടിസ്ഥാനത്തിലാണെന്നും പ്രസ്തുത കരാർ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. ബയോമെഡിക്കൽ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് പ്രതിദിനം കിടക്കയ്ക്ക് മൂന്ന് രൂപ അമ്പത് പൈസ നിരക്കിൽ നൽകിവരുന്നുണ്ട്. ആശുപത്രികളിലെ ബയോമെഡിക്കൽ മാലിന്യങ്ങളായ സൂചികൾ, സിറിഞ്ചുകൾ, മരുന്നുകൾ, കോട്ടൺ കത്തിറ്റുകൾ, മനുഷ്യകോശാവശിഷ്ടങ്ങൾ തുടങ്ങിയവ വേർതിരിച്ചശേഷം അവ ശേഖരിച്ച് ഇമേജ് സംവിധാനം വഴി സംസ്കരിച്ചുവരുന്നു. ചില ആശുപത്രികൾ ഇൻസിനറേറ്ററുകൾ, ഷാർപ്പ് പിറ്റ് തുടങ്ങിയ സംവിധാനങ്ങളിലൂടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും മാലിന്യങ്ങൾ സംസ്കരിച്ചുവരുന്നു. കൂടാതെ ദ്രവമാലിന്യങ്ങൾ

സംസ്കരിക്കുന്നതിനുവേണ്ടി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പേപ്പർ, ഭക്ഷണാവശിഷ്ടങ്ങൾ, പ്ലാസ്റ്റിക് തുടങ്ങിയ ജനറൽ വേസ്റ്റുകൾ ആശുപത്രികളിൽ വച്ചുതന്നെ സംസ്കരിക്കുന്നുണ്ട്. ജില്ലാ, താലൂക്ക് ആശുപത്രികളിലെ ഖരമാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലാണ് നടത്തിവരുന്നത്. ജില്ലയിലെ ബയോ മെഡിക്കൽ മാലിന്യ സംസ്കരണം ഉറപ്പുവരുത്തുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിലെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും അംഗങ്ങൾ ഉൾപ്പെടുന്ന സബ് കമ്മിറ്റികൾ രൂപീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പി.എച്ച്.സി., സി.എച്ച്.സി. തുടങ്ങിയ ചെറിയ സ്ഥാപനങ്ങളിൽ ബയോ മെഡിക്കൽ വേസ്റ്റ് ചട്ടങ്ങൾ അനുശാസിക്കുന്ന തരത്തിൽ സുരക്ഷിതമായി ആഴത്തിൽ കുഴിച്ചുമൂടുകയോ കത്തിക്കുകയോ ആണ് ചെയ്തുവരുന്നത്. ബയോ മെഡിക്കൽ വേസ്റ്റ് തരംതിരിച്ച് സംസ്കരിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകിവരുന്നുണ്ട്. മാലിന്യങ്ങൾ വികേന്ദ്രീകൃതമായി സംസ്കരിക്കുന്നതിനെക്കുറിച്ച് ആലോചിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്. പാലക്കാട് പുതുശ്ശേരി പഞ്ചായത്തിൽ 'ഇമേജ്' മാലിന്യ സംസ്കരണ യൂണിറ്റിൽ നിന്നും ലോറിയിൽ കയറ്റിക്കൊണ്ടുപോയ ആശുപത്രി മാലിന്യങ്ങൾ

പൊതുവഴിയിൽ വീണതുസംബന്ധിച്ച് പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ അന്വേഷണം നടത്തി മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പാലക്കാട്ടെ ഇമേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ ഹെൽത്ത് ഡിപ്പാർട്ടുമെന്റ്, ഹോം ഡിപ്പാർട്ടുമെന്റ്, ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിപ്പാർട്ടുമെന്റ്, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ സ്ഥിരമായി പരിശോധന നടത്തിവരുന്നുണ്ട്. പ്രസ്തുത പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനും ഈ സംവിധാനം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്നും ബഡ്ജറ്റിൽ കൂടുതൽ തുക വകകൊള്ളിച്ച് മാലിന്യസംസ്കരണം കാര്യക്ഷമമാക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

30 (*363) കടൽ-കായൽ ജല ശുദ്ധീകരണശാലകൾ

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) നൽകിയ മറുപടിയിൽ, കടൽ - കായൽ ജലശുദ്ധീകരണ ശാലകൾ സ്ഥാപിക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണെന്ന് സഭയെ അറിയിച്ചു. കേരളത്തിൽ കുടിവെള്ള സ്രോതസ്സുകളുടെ അഭാവം മൂലം ശുദ്ധജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ, പ്രത്യേകിച്ച് തീരപ്രദേശങ്ങളിലും കുട്ടനാട് പോലുള്ള പ്രദേശങ്ങളിലും കുഴൽ

കിണറുകൾ സ്ഥാപിച്ച് ലഭ്യമാകുന്ന ലവണജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരികയാണ്. നടപ്പ് സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ നൂതന സാങ്കേതിക വിദ്യ ഇനത്തിൽ വകയിരിത്തിയിരിക്കുന്ന തുക ചെലവാക്കി 19 പ്ലാന്റുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. കുടിവെള്ള സ്രോതസ്സ് ഒട്ടുമില്ലാത്ത തീരപ്രദേശങ്ങൾ കേന്ദ്രീകരിച്ച് 2 എം.എൽ.ഡി.-യുടെ ഒരു പ്ലാന്റ് സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് പഠനം നടന്നുവരികയാണെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 4284 മുതൽ 4594 വരെയുള്ള ചോദ്യങ്ങളിൽ 62 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)